©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-2026)

19-ാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

പതിനഞ്ചാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2023-2026)

19-ാമത് റിപ്പോർട്ട്

കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം) കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-2021)-യുടെ 114-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്

299/2024.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
ആമുഖം	..	vii
റിപ്പോർട്ട്	..	1
സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അഭിപ്രായക്കുറിപ്പോടുകൂടി അംഗീകരിച്ചതുമായ മറുപടികൾ	..	2

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-2026)

ഘടന

<u>ചെയർമാൻ:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ.

<u>അംഗങ്ങൾ:</u>

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ *

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി- ഇൻ -ചാർജ്

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. ബി. ഗണേഷ് കുമാർ ഗതാഗതവകുപ്പ് മന്ത്രിയായതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് 16-1-2024 മുതൽ

ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-2026)-യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം) കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-2021)-യുടെ 114-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയ 19-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള, സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 16-8-2022- ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ചു.

സമിതി (2021-2023)-യുടെ 26-8-2023-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

ഇ. ചന്ദ്രശേഖരൻ

ചെയർമാൻ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
1-2-2024.

റിപ്പോർട്ട്

കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം) കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-2021)-യുടെ 114-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)-യുടെ നൂറ്റി പതിനാലാമത് റിപ്പോർട്ട് 2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ നാല് ശിപാർശകളാണ് ഉൾപ്പെട്ടിരുന്നത്. എല്ലാ ശിപാർശകളിന്മേലും സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി (2021-2023)-യുടെ 16-8-2022-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും പൊതു അഭിപ്രായക്കുറിപ്പോടുകൂടി അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും സമിതിയുടെ പൊതു അഭിപ്രായക്കുറിപ്പും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അഭിപ്രായക്കുറിപ്പോടുകൂടി അംഗീകരിച്ചതുമായ മറുപടികൾ

ക്രമ നം.	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ	നടപടി റിപ്പോർട്ട്
(1)	(2)	(3)	(4)	(5)
1	1	നികുതി വകുപ്പ്	കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പന നികുതിയിന്മേൽ 2012 ജൂലൈ 28-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനായി മദ്യത്തിന്റെ പരമാവധി ചില്ലറ വില്പനവില (എം.ആർ.പി)പുതുക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയത് മൂലം ₹2.10 കോടി മെഡിക്കൽ സെസ്സ്, ₹0.42 കോടി പലിശ സഹിതം ₹2.52 കോടി കമ്പനിക്ക് അതിന്റെ ലാഭവിഹിതത്തിൽ നിന്ന് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടി വന്നത് കമ്പനിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു.	മദ്യത്തിന്റെ വിൽപനയിൽ ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഈടാക്കുന്നത് 27-7-2012-ൽ കേരള ധനകാര്യ ആക്ടിന്റെ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നത് വരെ വൈകാൻ കാരണം 2012 ജൂൺ 20-ലെ സർക്കാർ ഉത്തരവ് കമ്പനിയുടെ ശ്രദ്ധയിൽ പ്പെടാത്തതിനാലാണെന്നും, ആയത് മനപ്പൂർവ്വമായ വീഴ്ചയല്ല എന്നും അറിയിക്കുന്നു.
2	2	നികുതി വകുപ്പ്	2012 ജൂൺ 30-ലെ സർക്കാർ ഉത്തരവ് മുഖേന മെഡിക്കൽ സെസ്സ് ഈടാക്കാൻ സർക്കാർ തീരുമാനിച്ച വിവരം കമ്പനിക്ക് അറിവുണ്ടായിരുന്നിട്ടും 28-7-2012-ൽ പ്രസിദ്ധപ്പെടുത്തിയ 2012-ലെ കേരള ധനകാര്യ ആക്ടിന്റെ വിജ്ഞാപനത്തിന് ശേഷം മാത്രമാണ് മെഡിക്കൽ സെസ്സ് ഈടാക്കുന്നതിനുള്ള നടപടി കമ്പനി സ്വീകരിച്ചിട്ടുള്ളതെ ന്നാണ് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചത്.	

(1)	(2)	(3)	(4)	(5)
3	3	നികുതി വകുപ്പ്	2012 ജൂൺ 30-ലെ സർക്കാർ ഉത്തരവിൽ മെഡിക്കൽ സെസ്സ് പ്രാബല്യത്തിൽ വരുത്തേണ്ട തീയതിയെ സംബന്ധിച്ച് വ്യക്തത ഇല്ലായിരുന്നുവെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാർ ഉത്തരവിലെ അവ്യക്തത നീക്കികിട്ടുന്ന തിനായി കമ്പനി നടപടി സ്വീകരിച്ച തായി കാണുന്നില്ലെന്നും, സമയബന്ധിത മായും കൃത്യതയോടും നടപടി സ്വീകരി ച്ചിരുന്നുവെങ്കിൽ ₹0.42 കോടിയുടെ അധിക ചെലവ് ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നും നിരീക്ഷിച്ചു.	സർക്കാർ ഉത്തരവുകൾ നടപ്പിൽ വരുത്തുന്നതിൽ അലംഭാവം പാടില്ലെന്നും, സർക്കാർ ഉത്തരവു കൾക്ക് അതീവ പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പിലാക്കാൻ ശുഷ്കാന്തി കാണിക്കണ മെന്നും സംസ്ഥാന ബിവറേജസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.
			സർക്കാർ ഉത്തരവുകൾ നടപ്പിൽ വരുത്തുന്നതിനുള്ള അലംഭാവം ഒട്ടും ആശാസ്യമല്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി, സർക്കാർ ഉത്തരവുകൾക്ക് അതീവ പ്രധാന്യം നൽകി സമയബ ന്ധിതമായി നടപ്പിലാക്കാൻ ശുഷ്കാന്തി കാണിക്കണമെന്നും ഉത്തരവുകൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്ന പ്രവണത ഭാവിയിൽ ആവർത്തി ക്കരുതെന്നും നിർദ്ദേശിക്കുന്നു.	

4	4	നികുതി വകുപ്പ്	സർക്കാരിന്റെ വരുമാനമാർഗ്ഗമായ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വ്യക്തവും സംശയലേശമന്യേയുള്ളതും ആയിരിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നതോടൊപ്പം, ഭാവിയിൽ ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ആയതിൽ വ്യക്തതയും കൃത്യതയും ഉണ്ടാകുവാൻ അത്യന്തം ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.	ഭാവിയിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ വ്യക്തതയും കൃത്യതയും ഉണ്ടാകുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിക്കുന്നു.

അഭിപ്രായക്കുറിപ്പ്:

മദ്യവിൽപ്പനയിൽ ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഈടാക്കുന്നതിന് കാലതാമസം വന്നത് 2012 ജൂൺ 20-ലെ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടാണെന്നുള്ള വകുപ്പിന്റെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് മറുപടി പറയുന്നത് ഒട്ടും ആശാസ്യമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ഇ. ചന്ദ്രശേഖരൻ,

ചെയർമാൻ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം,

1-2-2024